പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1858 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **കാസർഗോഡ് ജില്ലയിലെ അംഗനവാടികൾ** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ)കാസർഗോഡ് ജില്ലയിൽ എത്ര അംഗനവാടികൾ ഉണ്ട്; | (എ) 1348 അംഗൻവാടികൾ |
| (ബി) ജില്ലയിൽ എത്ര അംഗനവാടികൾക്കാണ് സ്വന്തമായി കെട്ടിടങ്ങളുള്ളത്; | (ബി) 1013 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. |
| (സി) കെട്ടിടമില്ലാത്ത അംഗനവാടികൾക്കു സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിന് എന്തു നടപടികളാണു സ്വീകരിച്ചുവരുന്നത്; | (സി) അംഗൻവാടികൾക്ക് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനുപുറമേ സ്വന്തമായി സ്ഥലം കൈവശമുള്ള അംഗനവാടികളിൽ 700 എണ്ണത്തിന് NABARD-RIDF പദ്ധതിയിൽപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികളെടുത്തു വരുന്നു.<br>കൂടാതെ സ്വന്തമായി 10 സെന്റ് സ്ഥലവും എംഎൽഎ യുടെ ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ നിലവിലുള്ള അംഗൻ വാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. |

| | |
|---|---|
| (ഡി) അംഗനവാടികളുടെ ഉന്നമനത്തിനായി കാസർഗോഡ് ജില്ലയിൽ എത്ര രൂപയാണ് വർഷംതോറും ചെലവഴിക്കുന്നത് ? | (ഡി) അംഗനവാടികളുടെ ഭൗതിക സാഹചര്യമൊരുക്കുന്നതുൾപ്പെടെയുള്ള ഉന്നമനത്തിനുള്ള ചെലവുകൾ ചെയ്യുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വഹിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ**